## പതിനാറാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

## 2026 ഒക്ടോബർ 15 – ന് സഭ പാസ്സാക്കിയ പ്രമേയം

പശ്ചിമഘട്ട പ്രദേശത്തിന്റെ ESA വിജ്ഞാപനവുമായി ബന്ധപ്പെട്ട് ഗാഡ്ഗിൽ സമിതിയും (2010) കസ്തൂരിരംഗൻ സമിതിയും (2013) മുഖേന ആരംഭിച്ച നടപടിക്രമം ഒരു ദശാബ്ദത്തിലേറെ കഴിഞ്ഞിട്ടും പൂർത്തിയാക്കാനായിട്ടില്ല. കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം നമ്മുടെ സംസ്ഥാനത്തെ 123 വില്ലേജുകളിലെ ജനവാസ മേഖലകളും, കൃഷി സ്ഥലങ്ങളും ഉൾപ്പെടുത്തികൊണ്ട് 13108 ച.കി.മി. വിസ്തൃതിയുള്ള പ്രദേശമാണ് ESA ആയി നിർദേശിക്കപ്പെട്ടത്. ഇതിനെതിരെ 2014 - ൽ കേരളം സമർപ്പിച്ച ഭേദഗതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 10.03.2014 - ന് കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEFCC) കേരളത്തിന്റെ പരിസ്ഥിതി ലോല പ്രദേശം 123 വില്ലേജുകളിലായി 9993.7 ച.കി.മി. ആയി നിശ്ചയിച്ചു. ഇതിൽ 9107 ച.കി.മി. വന പ്രദേശവും 886.7 ച.കി.മി. വനേതര പ്രദേശവുമായി കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഇപ്രകാരം 3114.3 ച.കി.മി. വിസ്തൃതിയുള്ള ഭൂപ്രദേശം ESA-യിൽ നിന്ന് പൂർണമായി ഒഴിവാക്കപ്പെട്ടു. പിന്നീട് 2026 ജൂലൈ 27 - ന് കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പ്രസിദ്ധീകരിച്ച വിജ്ഞാപനം ഉൾപ്പെടെ 6 കരട് വിജ്ഞാപനങ്ങളിലും 2014 - ലെ കരട് വിജ്ഞാപനത്തിന്റെ ആവർത്തനമാണ് ഉണ്ടായത്. ജനങ്ങളുടെ ആശങ്കകളും എതിർപ്പുകളും കണക്കിലെടുത്ത് കേന്ദ്ര സർക്കാർ ഇതുവരെയും അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ (FSI) പ്രസിദ്ധീകരിച്ച ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2023 പ്രകാരം, കേരളത്തിൽ വനം വകുപ്പിന്റെ ഭരണപരമായ അധികാര പരിധിയിലുള്ള വനമേഖല ഏകദേശം 11,531.91 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.67 ശതമാനമാണ്. ഇന്ത്യയിലെ

ആകെ രേഖപ്പെടുത്തിയ വനമേഖല (Recorded Forest Area - RFA) ഏകദേശം 7,75,377 ചതുരശ്ര കിലോമീറ്ററാണ്. ഇത് രാജ്യത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 23.59 ശതമാനമാണ്. ഇതനുസരിച്ച്, കേരളത്തിലെ രേഖപ്പെടുത്തിയ വനമേഖല സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ അനുപാതത്തിൽ ദേശീയ ശരാശരിയേക്കാൾ 6.08 ശതമാനം കൂടുതലാണ്.

2011 - ലെ ഇന്ത്യൻ സെൻസസ് പ്രകാരം, കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിൽ 860 പേരാണ്. ഇത് ദേശീയ ശരാശരിയായ ഒരു ചതുരശ്ര കിലോമീറ്ററിൽ 382 എന്നതിനേക്കാൾ വളരെ കൂടുതലാണ്. ദേശീയ ശരാശരിയുടെ ഏകദേശം 2.25 മടങ്ങാണ് കേരളത്തിലെ ജനസാന്ദ്രത. അതായത്, ദേശീയ ശരാശരിയേക്കാൾ ഒരു ചതുരശ്ര കിലോമീറ്ററിൽ 478 പേർ അധികമാണ്. 2011 - ലെ സെൻസസ് പ്രകാരം, ബീഹാർ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾക്കു ശേഷം രാജ്യത്ത് ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ എന്നീ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോഴും കേരളത്തിലെ ജനസാന്ദ്രത ഗണ്യമായി കൂടുതലാണ്.

കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി, ഉയർന്ന ജനസാന്ദ്രത, കൂടിയ വന വിസ്തൃതി, വന വിസ്തൃതിയിലെ വർദ്ധനവ് എന്നിവ പരിഗണിച്ച് ജനവാസ മേഖലകളും, കൃഷിയിടങ്ങളും, തോട്ടങ്ങളും, പൂർണമായും ESA പരിധിയിൽ നിന്ന് ഒഴിവാക്കുക എന്നത് സംസ്ഥാനത്തിന്റെ ശക്തവും വ്യക്തവുമായ നിലപാടാണ്. വിശദമായ GIS വിശകലന പഠനം, സ്ഥലപരിശോധന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ESA വിസ്തൃതി 98 റവന്യൂ വില്ലേജുകളിലായി 8,590.69 ചതുരശ്ര കിലോമീറ്ററായി പുനഃനിർണയിച്ചു കൊണ്ടുള്ള സംസ്ഥാനത്തിന്റെ നിർദേശം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 24.09.2026 - ൽ സമർപ്പിച്ചിട്ടുണ്ട്.

ജനവാസ പ്രദേശങ്ങളെയും പരമ്പരാഗതമായ കൃഷി, തോട്ടം മേഖലകളെയും ഒരു നിലയിലും ഉൾപ്പെടുത്താതെ ESA പ്രദേശം നിർണയിക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

കൂടാതെ, വനമേഖലകൾ, സ്വാഭാവിക ആവാസവ്യവസ്ഥകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ, ജനവാസ കേന്ദ്രങ്ങൾ, വാണിജ്യ മേഖലകൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരേ വില്ലേജിനുള്ളിൽത്തന്നെ നിലനിൽക്കുന്ന സാഹചര്യം സംസ്ഥാനത്തുള്ളതിനാൽ, ഒരു വില്ലേജിന്റെ മുഴുവൻ പ്രദേശവും ഒരേ തരത്തിലുള്ള പാരിസ്ഥിതിക സ്വഭാവമുള്ളതല്ല. ആയതിനാൽ, ശാസ്ത്രീയമായി നിർണയിച്ച് പരിസ്ഥിതിലോല പ്രദേശത്തിന്റെ അതിർത്തികൾക്കുള്ളിൽ മാത്രമായി ESA സംബന്ധിച്ച നിയന്ത്രണങ്ങൾ പരിമിതപ്പെടുത്തേണ്ടതിന്റെ ആവശ്യവും സംസ്ഥാനത്ത് വിവിധ കാലഘട്ടങ്ങളിൽ അധികാരത്തിലിരുന്ന സർക്കാരുകൾ അർത്ഥശങ്കക്കിടയില്ലാത്തവിധം ചൂണ്ടി കാണിച്ചിട്ടുള്ളതാണ്.

സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ വിദഗ്ദ്ധ സമിതിയുമായി 2026 ജൂലൈ 15-ന് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഉന്നതതല ചർച്ചയിൽ അറിയിക്കുകയും ചെയ്തിരുന്നു.

കാർഡമം ഹിൽ റിസർവ് മേഖലയിൽ ദീർഘകാലമായി നിലനിൽക്കുന്ന ഏലത്തോട്ടങ്ങൾ, ജനവാസ കേന്ദ്രങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുണ്ട്. ഈ പ്രദേശം 1935-ലെ ട്രാവൻകൂർ കാർഡമം ചട്ടങ്ങൾ, 1961 - ലെ സർക്കാർ ഭൂമി ഏലകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനുള്ള ചട്ടങ്ങൾ, 1986 - ലെ കേരള വൃക്ഷസംരക്ഷണ നിയമം എന്നിവ ഉൾപ്പെടെയുള്ള നിലവിലുള്ള നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാണ്. അതിനാൽ, നിലവിലുള്ള നിയമപരമായ സംരക്ഷണ സംവിധാനങ്ങൾക്ക് ഉപരിയായി കാർഡമം ഹിൽ റിസർവിൽ ESA -

നിർദ്ദിഷ്ട അധിക നിയന്ത്രണങ്ങൾ കൂടി ഏർപ്പെടുത്തുന്നത് ഒഴിവാക്കണമെന്നതാണ് സംസ്ഥാനത്തിന്റെ ആവശ്യം.

ESA വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളിൽ പുതിയ റെഡ് കാറ്റഗറി വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വികസനം നടത്തുന്നതിനും പൊതുവായ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത് സംസ്ഥാനത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പരിസ്ഥിതി മാനദണ്ഡങ്ങളും മലിനീകരണ നിയന്ത്രണ വ്യവസ്ഥകളും പൂർണമായി പാലിച്ചുകൊണ്ട് പൊതുജനാരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ, അടിയന്തര സേവനങ്ങൾ, പ്രാദേശിക ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് ചില പ്രവർത്തനങ്ങൾക്ക് നിബന്ധനകളോടെ പ്രത്യേക ഇളവുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകതയും സംസ്ഥാന സർക്കാർ ചൂണ്ടി കാണിച്ചിട്ടുള്ളതാകുന്നു.

മേൽസാഹചര്യങ്ങൾ കണക്കിലെടുത്ത്, കേരളനിയമസഭ താഴെപ്പറയുന്ന പ്രമേയം അംഗീകരിക്കുന്നു.

1. കേരള സർക്കാർ നടത്തിയ പഠനങ്ങളുടെയും ഭൗമവിവര വിശകലനത്തിന്റെയും ജില്ലാ തല, തദ്ദേശ സ്വയംഭരണ സ്ഥാപനതല പരിശോധനയുടെയും അടിസ്ഥാനത്തിൽ സമർപ്പിച്ച, 98 റവന്യൂ വില്ലേജുകളിലായി 8,590.69 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പുതുക്കിയ ESA നിർദ്ദേശം സംസ്ഥാനത്തിന്റെ അന്തിമ നിർദ്ദേശമായി അംഗീകരിക്കുകയും, ആയതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നൽകി അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്യണമെന്ന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തോട് കേരള നിയമസഭ ഐക്യകണ്ഠേന അഭ്യർത്ഥിക്കുന്നു.

2. പരിസ്ഥിതിലോല ESA പ്രദേശവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ശാസ്ത്രീയമായി നിർണയിച്ച് വ്യക്തമായി അടയാളപ്പെടുത്തി സമർപ്പിച്ചിരിക്കുന്ന പരിധിക്കുള്ളിൽ മാത്രമായിരിക്കണമെന്നും, ടി ഭാഗങ്ങളിലൊഴികെ ഒരു

വില്ലേജിന്റെ ESA യ്ക്ക് പുറത്തുള്ള പ്രദേശങ്ങളിൽ നിർദ്ദിഷ്ട ESA നിയന്ത്രണങ്ങൾ ഒരു നിലയിലും ബാധകമാക്കരുതെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

3. പശ്ചിമഘട്ട പരിസ്ഥിതി ലോല പ്രദേശവുമായി ബന്ധപ്പെട്ട ഏഴാമത്തെ കരട് വിജ്ഞാപനത്തിലെ റെഡ് കാറ്റഗറി വ്യവസായങ്ങൾ സംബന്ധിച്ച പൊതുവായ നിരോധന വ്യവസ്ഥ പുനഃപരിശോധിക്കണമെന്നും, പരിസ്ഥിതി നിയമങ്ങളും മലിനീകരണ നിയന്ത്രണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടും ആവശ്യമായ അനുമതികൾക്കും വിധേയമായി, താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ഓരോന്നിന്റെയും സവിശേഷ സാഹചര്യം പരിശോധിച്ച് പ്രത്യേക ഇളവുകൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

a) പാൽ സംസ്കരണവും പാലുൽപ്പന്ന നിർമ്മാണവും;

b) അറവുശാലകളും മാംസ സംസ്കരണ യൂണിറ്റുകളും;

c) പൊതുവായ മലിനജല സംസ്കരണ പ്ലാന്റുകൾ (CETPS);

d) ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, വ്യവസായ പാർക്കുകൾ 5 MVA- യിൽ കൂടുതലുള്ളയിടങ്ങളിൽ ഡീസൽ ജനറേറ്റർ സംവിധാനങ്ങൾ;

e) പുതിയ ആരോഗ്യപരിപാലന സ്ഥാപനങ്ങൾ;

f) പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ;

g) എന്തെങ്കിലും തരത്തിലുള്ള ദുരിത ബാധിതരെ പുനരധിവസിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുന്ന പക്ഷം ആയതിനായി 50 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയിൽ സ്ഥാപിക്കുന്ന ടൗൺഷിപ്പുകൾ.

4. കാർഡമം ഹിൽ റിസർവിന്റെ സവിശേഷമായ ഭൂവിനിയോഗ സ്വഭാവം, ദീർഘകാലമായി നിലനിൽക്കുന്ന ഏലകൃഷി, ജനവാസം, അടിസ്ഥാന സൗകര്യങ്ങൾ, നിലവിലുള്ള നിയമപരമായ നിയന്ത്രണങ്ങൾ എന്നിവ പരിഗണിച്ച്, കാർഡമം ഹിൽ റിസർവിനെ നിർദ്ദിഷ്ട ESA നിയന്ത്രണ സംവിധാനത്തിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

5. പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സമഗ്രതയും ദീർഘകാല സംരക്ഷണവും ഉറപ്പാക്കുന്നതിനൊപ്പം, കേരളത്തിലെ ജനങ്ങളുടെ ഉപജീവനമാർഗങ്ങൾ, കർഷകരുടെ താൽപര്യങ്ങൾ, പരമ്പരാഗത കൃഷി, ജനവാസ മേഖലകൾ, പൊതുജനാരോഗ്യം, ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് ന്യായമായ സംരക്ഷണം ലഭിക്കുന്ന രീതിയിൽ ജനവാസ മേഖലകളെയും കൃഷി സ്ഥലങ്ങളെയും തോട്ടങ്ങളെയും പൂർണമായും ഒഴിവാക്കികൊണ്ട് കേരളത്തിലെ ESA സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

**ഷാജി സി. ബേബി,**
**സെക്രട്ടറി-ഇൻ-ചാർജ്.**